കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാറാക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 13/51/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 04.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറാക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറാക്കര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ്റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാപഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം13/51/2017 തിയ്യതി:04.02.2017

## മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-8-2016 മുതൽ 5-11-2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള ഉചിതമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : എ.എസ്.ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-11-2016 മുതൽ 30-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് അലി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1.ശ്രീമതി. ഒറ്റകത്ത് ജമീല<br>2.ശ്രീ. മധുസൂധനൻ | 01-04-2015 മുതൽ 18-11-2015വരെ<br>19.11.2015 മുതൽ 31-3-2016 |
| സെക്രട്ടറി | ശ്രീ. കെ.രവീന്ദ്രൻ | 01.04.2015 മുതൽ-28-7-2015വരെ |
| | ശ്രീ. പി രാജീവ് അസി.സെക്രട്ടറി | 29.07.2015 |

| | | |
|---|---|---|
| | ശ്രീമതി.അനിത.ജെ.സ്റ്റീഫൻ | 30-7-2015 മുതൽ 31-3-2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.രാജിവ് | 01-04-2015മുതൽ 18-08-2015 വരെ |
| | മനോജ്.വി | 19-8-15 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | 1.ശ്രീമതി. ബിനിഷ<br>2.ശ്രീമതി. ബീന | 01-04-2015 മുതൽ 31.08.2015 വരെ<br>01-09-2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.സജിത്ത് | 01.04.2015 മുതൽ 15-02-2016 വരെ |
| | പ്രീത സ്കറിയ | 16-02-2016 മുതൽ 31-03-2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഹൈമാവതി | 1-4-15 മുതൽ 31.7.15 വരെ |
| | കാർത്യായനി | 01-08-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ | ശ്രീ.സുജിത്ത്. എസ് | 01.04.2015 മുതൽ 31-03-2016വരെ |
| ഹെഡ്മാസ്റ്റർ | 1.ശ്രീമതി.പി.എ പുഷ്പകുമാരി<br>2.ശ്രീ. അബ്ദുറഹ്മാൻ | 01.04.2015 മുതൽ 2.06.2015 വരെ<br>3.06.2015മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.പി.അഹമ്മദ് | 01.04.2015 മുതൽ 31-03-2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എം.കെ ഗോപാലൻ | 01.04.2015 മുതൽ 27-01-2016 FNവരെ |
| | സംഗീത പദ്മരാജൻ | 27.01-2016 AN മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീ ക്ഷണങ്ങൾ | | | |
| 12 | ഡി ആന്റ് ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-1 | |
| 13 | തൊഴിൽ നികുതി അപാകതകൾ | 2-2 | |
| 14 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല | 2-3 | |

| | | | |
|---|---|---|---|
| 15 | അനധികൃത നിർമാണം: നിയമാനസൃതമായ നികുതി ഈടാക്കുന്നില്ല | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | രേഖകൾ ഹാജരക്കിയില്ല.തുക തടസം ചെയ്യുന്നു | 3-1 | |
| 17 | അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷണ സാധനങ്ങൾ വാങ്ങിയതിൽ ക്രമക്കേട് | 3-2 | |
| 18 | ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല | 3-3 | |
| 19 | VEO പ്രോജക്ടിന് തുക മുൻകൂർ പിൻവലിച്ചു; നാളിതുവരെ പൂർണ്ണമായും വിതരണം ചെയ്തില്ല | 3-4 | |
| 20 | വീട്ടു നിർമ്മാണ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല | 3-5 | |
| 21 | പ്രതീക്ഷ കേന്ദ്രത്തിലെ തെറാപ്പി ഉപകരണങ്ങൾ പ്രവർത്തനരഹിതം | 3-6 | |
| 22 | വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം - അധികം തുക ചെലവഴിച്ചു | 3-7 | |
| 23 | വാറ്റ് ബിൽ ഹാജരാക്കിയിട്ടില്ല | 3-8 | |
| 24 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-തുടർ വിവരം ലഭ്യമാക്കേണ്ടതാണ് | 3-9 | |
| 25 | പദ്ധതി മാർഗ രേഖക്കു വിരുദ്ധമായി തുക ചെലവഴിച്ചു | 3-10 | |
| 26 | ആശ്രയപദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നില്ല. | 3-11 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 28 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.15 തിയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയത് 31.03.2016 ലെ 14 ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.16 | 14.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 25.11.2016 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷികക്കണക്കുകളിലെ അപാകതകൾ

മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷികക്കണക്കുകളിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2) മുഴുവൻ ആസ്തികളുടെ മൂല്യവും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

4) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

5) D&O ഡിമാന്റ്, കളക്ഷൻ തുകകൾ AFS ലും രജിസ്റ്ററിലും വ്യത്യസ്തമാണ്.(രജിസ്റ്റർ പ്രകാരം ഡിമാന്റ് & കളക്ഷൻ 146860 രൂപയാണ്. എന്നാൽ AFS ൽ ഡിമാന്റ് 148000, കളക്ഷൻ 101400+ 41400(Advance)=142800, ബാലൻസ് 5200)

6) വിവിധ നികുതി/ നികുതിയേതര വരുമാനങ്ങളുടെ സാക്ഷ്യപ്പെടുത്തിയ കുടിശ്ശിക വിവരം തയ്യാറാക്കിയിട്ടില്ല.

7) പിരിഞ്ഞു കിട്ടാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8) വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല. വസ്തു നികുതി കുടിശ്ശികയിൽ അധികം കിടക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44729659 |
| വരവ് | 36961520 |
| ആകെ | 81691179 |
| ചെലവ് | 58688671 |
| നീക്കിയിരുപ്പ് | 23002508 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ചെലവ് ശതമാനം | നീക്കി ബാക്കി (lapsed) | നീക്കി ബാക്കി (ആർ.പി. 40ബി പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6173472 | 16504636 | 3936712 | 26614820 | 15424196 | 57.95 | 11190624 | 0 |
| വികസനഫണ്ട് എസ്.എസ്.പി | 1766207 | 2050000 | -1841806 | 1974401 | 1974401 | 100 | 0 | 0 |
| വികസനഫണ്ട്ടി.എസ്.പി. | 31000 | 17000 | -48000 | 48000 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ്റോഡ് | 4832454 | 5269058 | 1072927 | 11174439 | 11174439 | 100 | 0 | 0 |
| സംരക്ഷണഗ്രാന്റ്നോൺറോഡ് | 3060481 | 1376225 | -1072927 | 3363779 | 3363779 | 100 | 0 | 0 |
| 13-ആം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3673255 | 4606863 | -286596 | 7993522 | 7993522 | 100 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| എം. ജി. എൻ. ആർ. ഇ. ജി. എസ | 0 | 14868911 | 0 | 14868911 | 14866356 | 99.98 | 2555 | 2555 |
| ബി ഫണ്ട് | 0 | 20916280 | 0 | 20916280 | 20916280 | 100 | 0 | 0 |
| ലോക ബാങ്ക് സഹായം | 4213612 | 0 | -1760310 | 2453302 | 2453302 | 100 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 265 | 6,85,28,842 | 178 | 4,71,67,554 | 13 | 74 | 69 |

## 1-7 തനതു വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 5377638 | 4570423 | -807215 | (-) 17 |
| നികുതിയേതര വരവുകൾ | 865182 | 330185 | -534997 | (-) 162 |
| മറ്റുവരവുകൾ | 228322 | 136883 | 91439 | (-) 66 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി | തുക | ഗുണഭോക്താക്കൾ |
|---|---|---|
| തൊഴിൽരഹിത വേതനം | 37200 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 1018800 | ലഭ്യമല്ല |
| വിധവാപെൻഷൻ | 11238880 | ലഭ്യമല്ല |
| വാർദ്ധക്യകാലപെൻഷൻ | 5937600 | ലഭ്യമല്ല |
| വികലാംഗപെൻഷൻ | 2408200 | ലഭ്യമല്ല |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 125600 | ലഭ്യമല്ല |
| വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6538 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ജി.ഒ.(പി).177/2006/ധന. തി. 12.4.2006 സർക്കാർ ഉത്തരവു പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ടി.ആർ. 7.എ കാഷ്ബുക്ക് സൂക്ഷിക്കേണ്ടതും ഡിപാർട്ട്മെന്റൽ ഫണ്ടിന്റെയും ത.സ്വ.ഭ. ഫണ്ടിന്റെയും വരവുചെലവു കണക്കുകൾ ആയതിൽ രേഖപ്പെടുത്തേണ്ടതും ത.സ്വ.ഭ സ്ഥാപനങ്ങളിൽ നിന്നുള്ള വരവു ചെലവു രേഖപ്പെടുത്താൻ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. സെക്രട്ടറിയും നിർവഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി.iv ൽ പ്രൊജക്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതായുണ്ട്.

എന്നാൽ ഐ.സി.ഡി.എസ്. സൂപർവൈസർ,വി.ഇ.ഒ. എന്നിവർ ടി.ആർ. 7.എ കാഷ്ബുക്കും സബ്സിഡിയറി രജിസ്റ്ററും ഹെഡ് മാസ്റ്റർ,വി.ഇ.ഒ. എന്നിവർ പ്രൊജക്ട് റജിസ്റ്ററും സൂക്ഷിക്കുന്നില്ല. മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഫണ്ടിനു മാത്രമായി ഒരു ടി.ആർ. 7.എ കാഷ്ബുക്ക് സൂക്ഷിക്കുകയാണു ചെയ്യുന്നത്. ആയത് 23.1.2016 മുതൽ 26.7.16 വരെ എഴുതിയിട്ടുമില്ല. ട്രഷറി ബിൽ 1/15-16 തിയതി 22.1.16 മുഖേന പണമാക്കിയ 64900 രൂപ മാത്രമാണ് കാഷ്ബുക്കിൽ ചേർത്തത്. 2,3,4,5 എന്നീ ബില്ലുകൾ രേഖപ്പെടുത്തിയിട്ടില്ല

2. വി.ഇ.ഒ. വളാഞ്ചേരി എസ്.ബി.ടിയിൽ അക്കൗണ്ട് നം. 67291845119 ആയി വി.ഇ.ഒ. മാറാക്കര എന്ന പേരിൽ ഒരു എസ്.ബി അക്കൗണ്ട് സൂക്ഷിക്കുകയും ആയതു വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം കൈമാറുകയും ചെയ്യുന്നു. 10.11.2016- ൽ ഈ അക്കൗണ്ടിൽ ₹ 460287.50 രൂപ ബാലൻസ് ഉണ്ട്. മേൽ നടപടിക്കുള്ള അനുമതി 21.3.2015ലെ 52997/ഇ.ആർ.ബി.3/14/ത.സ്വ.ഭ.വ.നം. സർക്കുലറിലൂടെ റദ്ദ് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.16 | 10/2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.09മുതൽ 05.01.10വരെ | 2004-05 മുതൽ 2008-09 വരെ | 19.02.10 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് ഫീ കുറവായി ഊടാക്കി

എ. താഴെ പറയുന്ന വ്യാപാരികളിൽനിന്നും ലൈസൻസ് ഫീസിനത്തിൽ 2015-16 വർഷത്തിൽ കുറവായാണ് ഇടാക്കിക്കാണുന്നത്.

| ക്രമ നമ്പരുകൾ | പേര് | സ്ഥാപനം | ഈടാക്കിയ ഫീ | ഈടാ ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 204 | കെ.സൈതാലികുട്ടി, രണ്ടത്താണി | 36HP മരമില്ല് | 200 | 400 | 200 |
| 266 | സി.പി മമ്മദ്,, കാടാമ്പുഴ | 35HP അൻഷിത റൈസ് മില്ല് | 200 | 400 | 200 |
| | | ആകെ | 400 | 800 | 400 |

ബി. 2014-15 വർഷത്തിലും അതിനുമുൻപും പുതുക്കാൻ വിട്ടുപോയതും 2015-16 പുതുക്കിയതുമായ വ്യാപാരികളിൽനിന്നും കുടിശിക ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | രജി. ക്രമനമ്പർ, പേര്,സ്ഥാപനം | ഡി&ഒ ലൈസൻസ് ഫീ ഉൾപ്പെടെ മുൻവർഷങ്ങളിൽ ഈടാക്കിയ തുക | രശീതി നമ്പർ കെട്ടിട നമ്പർ | 2014-15 ൽ പുതുക്കാൻ വിട്ടതുമൂലമുള്ള നഷ്ടം |
|---|---|---|---|---|
| 1 | 48 ഹംസ<br>ബേക്കറി കച്ചവടം | 802 | 10/10A,<br>280/13-14 | 1x802=802 |
| 2 | 115 മുഹമ്മദ് ഇസ്ഹാഖ്<br>ആയുർവേദമരുന്നുഷാപ്പ് | 752 | 9/723 58578/73 12.2.13 | 1x752=752 |
| 3 | 117 ചന്ദ്രൻ മണ്ണംപള്ളി<br>നാളികേരം, ഫാൻസി | 752 | 14/508, 11202100851/<br>5.11.12 | 2x752=1504 |
| 4 | 175 ഹുസൈൻ<br>ലൈറ്റ് & സൗണ്ട്സ് | 802 | MP1502, 367/13 | 1x802=802 |
| 5 | 197A സിദ്ദിഖ്<br>ബേക്കറി | 802 | MP8/699<br>403/12.10.12 | 2x802=1604 |
| 6 | 238 മൊയ്തീൻകുട്ടി<br>കോഴിവളർത്തൽ | 977 | 11407100535/<br>20.4.10 | 4x977=3908 |
| 7 | 263 സൈതുട്ടി<br>കോഴിഫാം | 2472 | 263/11-12<br>254B | 2x2472=4944 |
| 8 | 358 എം.പി മുഹമ്മദ് മുസ്തഫ<br>കിടക്ക, തലയിണ തുടങ്ങിയവയുടെ വില്പന | 852 | 5220415/15.11.13<br>127 | 1x852=852 |
| 9 | 402 ഷാനവാസ് ടി,<br>ഇംഗ്ലീഷ് മരുന്ന് ഷാപ്പ് | 1402 | 11693/29.2.13<br>XIV-533 | 1x1402=1402 |
| 10 | 446 അഞ്ചുകണ്ടത്തിൽ | 987 | 79/13-14 | 1x987=987 |

| | | | | |
|---|---|---|---|---|
| | മുഹമ്മദ് അലി | | | |
| | | | ആകെ | 17,557 |

ഡി & ഒ ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന തുക പിരിച്ചെടുക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 04/2016 dt. 25.11.2016 നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 2-2 തൊഴിൽ നികുതി അപാകതകൾ

എ. കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3(2) മുതൽ (11) വരെയുള്ള ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപനനികുതി ഈടാക്കിക്കാണുന്നില്ല.

1. പോപ്പുലർ വെഹിക്കിൾ & സർവീസ് വെഹിക്കിൾ, രണ്ടത്താണി
2. ഉദയാ സ്റ്റീൽ ഇൻഡസ്ട്രീസ്, രണ്ടത്താണി
3. അജൻഡ സ്റ്റീൽ ഇൻഡസ്ട്രീസ, രണ്ടത്താണി

കൂടാതെ പഞ്ചായത്ത് പ്രദേശത്തെ പെട്രോൾ പമ്പുകൾ, ഫിലിം സ്റ്റുഡിയോകൾ, 30,000/- രൂപയിലധികം ടേണോവറുള്ളവരും സെയിൽസ് ടാക്സ് രജിസ്ട്രേഷനുമുള്ള ചെറുകിട കച്ചവടക്കാർ, അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ, പാരാ മെഡിക്കൽ വിദഗ്ദർ, കമ്പനീസ് ആക്ട്, സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള ബിസിനസ് സ്ഥാപനങ്ങൾ തുടങ്ങിയ അനേകം സ്ഥാപനങ്ങൾ ഈ പ്രദേശത്തുള്ളതായി കാണുന്നു. എന്നാൽ ഇവരിൽനിന്നും സ്ഥാപനനികുതി ഈടാക്കിക്കാണുന്നില്ല.

ബി. തൊഴിൽ നികുതി കുറവായി ഈടാക്കിയത്

2015-16 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയേക്കാൾ കുറവായാണ് രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിക്കാണുന്നത്. റിട്ടേണിൽ കാരണമൊന്നും രേഖപ്പെടുത്തിക്കാണുന്നില്ല.

| ക്രമ നമ്പർ | പേരും തസ്തികയും | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | കുറവ് |
|---|---|---|---|---|
| | കാടാമ്പുഴ ഭഗവതി ടെമ്പിൾ | | | |
| 1 | എൻ. ഉണ്ണികൃഷ്ണൻ, അറ്റൻറർ | 1,250 | 1,000 | 250 |
| 2 | പി. ഹരിദാസൻ, ടി | 1,250 | 1,000 | 250 |
| 3 | വി.കെ അയ്യപ്പൻ, ടി | 1,250 | 1,000 | 250 |
| 4 | പി. പ്രവീൺ, പ്ളമ്പർ | 1,250 | 1,000 | 250 |
| 5 | ഇ.ഉണ്ണികൃഷ്ണൻ, നൈറ്റ് വാച്ച്മാൻ | 1,250 | 1,000 | 250 |
| 6 | കെ. പ്രദീഷ്, ക്ളോക്ക്റൂം ബോയ് | 1,250 | 1,000 | 250 |
| 7 | പ്രമോദ്, കംഫർട്ട് സ്റ്റേഷൻ | 1,250 | 1,000 | 250 |
| 8 | സരസ്വതി, സ്വീപ്പർ | 1,250 | 1,000 | 250 |
| 9 | രവീന്ദ്രൻ, മെയിൽ സ്കാവൻഞ്ചർ | 1,250 | 1,000 | 250 |
| 10 | നാരായണൻ നമ്പൂതിരി,പ്രസാദം | 1,250 | 1,000 | 250 |
| 11 | ജയപ്രകാശ്, ഹെൽപ്പർ | 1,250 | 1,000 | 250 |
| 12 | കെ.വി ഗോവിന്ദൻകുട്ടി, ഹെൽപ്പർ | 1,250 | 1,000 | 250 |
| 13 | പി.ശിവദാസൻ, ഹെൽപ്പർ | 1,250 | 1,000 | 250 |
| 14 | പരമേശ്വരൻ, ഹെൽപ്പർ | 1,250 | 1,000 | 250 |

| | | | | |
|---|---|---|---|---|
| 15 | എ.എം പ്രേമദാസ്, ഹെൽപ്പർ | 1,250 | 1,000 | 250 |
| 16 | ഉണ്ണികൃഷ്ണൻ, ഹെൽപ്പർ | 1,250 | 1,000 | 250 |
| 17 | പി. പ്രേമ, | 1,250 | 1,000 | 250 |
| 18 | വി. ശിവകുമാർ, റെൻറ് ഹൗസ്(റൂം ബോയ്) | 1,250 | 1,000 | 250 |
| 19 | യു. ജാനകി, സ്വീപ്പർ | 1,250 | 1,000 | 250 |
| 20 | കെ.സരസ്വതി, സ്വീപ്പർ | 1,250 | 1,000 | 250 |
| 21 | പി.നാരായണൻ എംബ്രാന്തിരി, ശാന്തി | 1,250 | -- | 1,250 |
| 22 | പി. രാമവാര്യർ, കഴകം | 1,250 | -- | 1,250 |
| 23 | എം.വി അച്ചുതവാര്യർ | 1,250 | -- | 1,250 |
| | പി.എച്ച്.സി, മാറാക്കര | | | |
| 1 | വി.പി സദാനന്ദൻ, ഫാർമസിസ്റ്റ് | 1,250 | -- | 1,250 |
| 2 | അജിത പി, നഴ്സിംങ് അസിസ്റ്റന്റ് | 1,250 | -- | 1,250 |
| 3 | സിന്ധു ജെ, നഴ്സിംങ് അസിസ്റ്റന്റ് | 1,250 | -- | 1,250 |
| 4 | ഫാറൂഖ്, ലാബ് ടെക്നീഷൻ | 300 | -- | 300 |
| 5 | സിനിമോൾ കെ.എൻ നഴ്സിംങ് അസിസ്റ്റന്റ് | 1,250 | -- | 1,250 |
| 6 | ഗിരിജകുമാരി,നഴ്സിംങ് അസിസ്റ്റന്റ് | 1,250 | -- | 1,250 |
| | എം.ഇ.എസ് സെൻട്രൽ സ്കൂൾ, പുത്തനത്താണി | | | |
| 1 | നിഷന്ത് പി.കെ ടീച്ചർ | 1,250 | -- | 1,250 |
| 2 | വിജിത് റഹ്മാൻ, PE I | 750 | -- | 750 |
| 3 | മുബീന പി.പി | 1,000 | -- | 1,000 |
| 4 | ജാബിർ, ഡ്രൈവർ | 300 | -- | 300 |
| | മൊത്തം നഷ്ടത്തുക | | | 16,950 |

സി. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും ഒന്നാം അർദ്ധവർഷം/റണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം | ഈടാക്കാത്ത് അർദ്ധവർഷം |
|---|---|---|
| 1 | കെരള വിദ്യുച്ഛക്തി ബോർഡ്, ഇലക്ട്രിക്കൽ ഡിവിഷൻ, തിരൂർ | ഒന്നാം അ.വ |
| 2 | ഗവ.യുനാനി ഡിസ്പെൻസറി | രണ്ടാം അ.വ |
| 3 | ഉദയ സ്റ്റീൽ ഇൻഡസ്ട്രീസ്,രണ്ടത്താണി | രണ്ടാം അ.വ |
| 4 | അജന്ത ഫർണിച്ചർ,രണ്ടത്താണി | രണ്ടാം അ.വ |
| 5 | ഉദയ പാക്കേജിംങ് കമ്പനി | രണ്ടാം അ.വ |
| 6 | നസ്രത്ത് സെക്കൻ്ററി സ്കൂൾ | രണ്ടാം അ.വ |
| 7 | ഐ.സി.ഡി.പി സബ് സെന്റർ, കാരേക്കാട് | ഒന്നും രണ്ടും അ.വ |
| | മാവേലി സ്റ്റോറുകൾ | ഒന്നും രണ്ടും അ.വ |

അപാകതകൾ

1. തൊഴിൽ നികുതി രജിസ്റ്റർ അബ്സട്രാക്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി വിവരങ്ങൾ ലഭ്യമാവുന്നില്ല.

ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.ഇത് സംബന്ധമായി ഓഡിറ്റ് എൻക്വയറി നമ്പർ 09/2016 തിയതി 29.11.2016 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 2-3 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് എൻക്വയറി നല്കിയതിനു മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാനും തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാൻ നടപടി സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 അനധികൃത നിർമാണം:നിയമാനുസൃതമായ നികുതി ഈടാക്കുന്നില്ല

അനധികൃത നിർമാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 വർഷം മുതൽ 15 കെട്ടിടങ്ങൾ നിലവിലുള്ളതായി കാണുന്നു. എന്നാൽ മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 235 പ്രകാരമുള്ള തുടർനടപടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

സെക്ഷൻ 235 ഡബ്ല്യു പ്രകാരം മേൽ അനധികൃത കെട്ടിടങ്ങളിൽ നിയമാനുസൃതമായ മാറ്റം വരുത്തുകയോ പൊളിച്ചുമാറ്റുകയോ ചെയ്യൽ, സെക്ഷൻ 235എക്സ് പ്രകാരം നിർമാണം നിർത്തി വെക്കാൻ ഉത്തരവ് പുറപ്പെടുവിക്കൽ, സെക്ഷൻ 235 ഇസഡ് പ്രകാരമുള്ള പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ ഒന്നും നിലവിൽ സ്വീകരിക്കുന്നില്ല. മാത്രമല്ല അത്തരം കെട്ടിടങ്ങളിൽ നിന്നും അവ നിയമാനുസൃതമായിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ ഈടാക്കേണ്ടതുണ്ടെങ്കിലും (സെക്ഷൻ 235 എ.എ) രജിസ്റ്റർ പ്രകാരം സാധാരണ നികുതി മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. ഇക്കാര്യങ്ങളിൽ ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതും പുരോഗതി അറിയിക്കേണ്ടതുമാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകൾ ഹാജരാക്കിയില്ല.തുക തടസം ചെയ്യുന്നു

സെക്രട്ടറി നിർവഹണം നടത്തിയ താഴെ കാണുന്ന പ്രൊജക്ടുകൾക്ക് ചെലവഴിച്ച തുക അതാതിനു നേരെ കാണിച്ച കാരണങ്ങളാൽ തടസ്സം ചെയ്യുന്നു.

| പദ്ധതി | പ്രൊജക്റ്റ് നം./തി. | വൗച്ചർ നം.തി. | തുക | അപാകത |
|---|---|---|---|---|
| മീഡിയ ശ്രീ | 213/3.7.16 | 305/24.7.2015 | 19500 | ലക്ഷ്യം കൈവരിച്ചില്ല |
| ഡി.പി.സി. കെട്ടിടത്തിനുള്ള വിഹിതം | 219/25.7.16 | 310/25.7.2015 | 200,000 | വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| ഐ.കെ. എമ്മിനു വിഹിതം | 298/31.3.16 | 1048/30.3.2016 | 30000 | വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| ആകെ | | | 249500 | |

ചെലവഴിച്ച തുക അതാതു ആവശ്യങ്ങൾക്ക് വിനിയോഗിച്ചെന്ന് തെളിയിക്കുന്ന വിശദമായ രേഖകൾ ഓഡിറ്റിനു ഹാജരാക്കുന്നത് വരെ ചെലവ് തുക 249500 തടസപ്പെടുത്തുന്നു.

## 3-2 അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷണ സാധനങ്ങൾ വാങ്ങിയതിൽ ക്രമക്കേട്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം. 233/16 - അനുപൂരക പോഷകാഹാര പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിലെ 38 അംഗൻവാടികളിലൂടെ പോഷകാഹാരം വിതരണം ചെയ്യുന്നതിന് 26,75,205 രൂപ ചെലവഴിച്ചിട്ടുണ്ട്. ആതവനാട് സർവീസ് കോ - ഓപറേറ്റീവ് ബാങ്ക് നീതി സ്റ്റോറിൽ നിന്നാണ് ഭക്ഷണ സാധനങ്ങൾ വാങ്ങിയത്. കിലോയ്ക്ക് 1.65 രൂപ നിരക്കിൽ ശ്രീ. പി. മമ്മി എന്നയാൾക്ക് കടത്തുകൂലിയും നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

അംഗൻവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പ്രോജക്ടുകൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ്, റേഷൻ കടകൾ, കുടുംബശ്രീ യൂണിറ്റുകൾ, നീതി / സഹകരണ സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിന് സർക്കുലർ നം. 31956/2008/ഡി.ബി.2/ തസ്വഭവ തിയതി : 14.05.2008, സർക്കുലർ നം. 62393/ഡി.ബി.2/10/തസ്വഭവ തിയതി : 18.11.2010 എന്നിവ മുഖേന അനുമതി നൽകിയിട്ടുണ്ട്. എന്നാൽ, സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ പാടുള്ളൂ എന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും സർക്കുലർ നം. 54814/ഡി.സി.2/2010/തസ്വഭവ തിയതി: 04.05.2011 മുഖേന നിർദ്ദേശം നൽകിയിരുന്നു.

തുടർന്ന്, സാമൂഹ്യ ക്ഷേമ ഡയറക്ടർ 12.07.2011 ന് പുറപ്പെടുവിച്ച ICDS/ബി 3- 6136/11 നം. സർക്കുലറിൽ, അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ നിന്നാണ് വാങ്ങേണ്ടതെന്നും സിവിൽ സപ്ലൈസ് കോർപറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെയും ഗുണനിലവാരം തൃപ്തികരമായും ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ വാങ്ങാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, ഈ നിർദ്ദേശങ്ങളൊന്നും പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാടാമ്പുഴ മാവേലി സ്റ്റോർ മുഖേന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ ശ്രമിക്കാതെയാണ്, സർക്കാർ നിർദ്ദേശം മറികടന്ന്, ആതവനാട് സർവീസ് കോ - ഓപറേറ്റീവ് ബാങ്ക് നീതി സ്റ്റോറിൽ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയത്. ഇതിന് പഞ്ചായത്ത് തീരുമാനമെടുത്തതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. സാധനങ്ങൾ അംഗൻവാടികളിൽ എത്തിക്കുന്നതിന് ശ്രീ. പി. മമ്മിയെ (@ 1.65/Kg) തെരഞ്ഞെടുത്തത് 07.12.15 ലെ 6(16)ാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരമാണ്.

ICDS സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ 23.11.2016 ന് ഓഡിറ്റ് ടീം ആതവനാട് പാറ എന്ന സ്ഥലത്തുള്ള ഈ നീതി സ്റ്റോർ നേരിട്ട് പരിശോധിച്ചപ്പോൾ ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന് കണ്ടു. ബാങ്കിനോട് ചേർന്ന ഒരു ഒറ്റമുറി ഷട്ടർ അടച്ചിട്ട നിലയിലാണ്. അംഗൻവാടികൾക്ക് വേണ്ട സാധനങ്ങൾ പൊതുവിപണിയിൽ നിന്ന് വാങ്ങി നൽകുകയാണ് ചെയ്യുന്നതെന്ന് ബാങ്ക് സെക്രട്ടറി വിശദീകരിച്ചു.ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാനും ഇവിടെ സംവിധാനമില്ല.മാത്രവുമല്ല, മിക്ക സാധനങ്ങൾക്കും വളരെ കൂടിയ വിലയാണ് സ്ഥാപനം ഈടാക്കിയത്.

ബാങ്കിന്റെ വിലകൾ സപ്ലൈകോയുടെ വിലയുമായി ഒരു ഘട്ടത്തിലും നിർവഹണ ഉദ്യോഗസ്ഥ താരതമ്യം ചെയ്തിട്ടില്ല. ഗുണനിലവാരം വളരെ കൂടിയ സാധനങ്ങളായതിനാലാണ് വില കൂടിയതെന്ന് ബാങ്ക് സെക്രട്ടറി വിശദീകരിച്ചു. എന്നാൽ, സെന്റർ നം. 39,49,51 എന്നീ അംഗൻവാടികളിൽ നേരിട്ട് പരിശോധന നടത്തിയതിൽ നിലവിലുള്ള ഭക്ഷണസാധനങ്ങൾ മിക്കതും നിലവാരം കുറഞ്ഞതായിരുന്നു. (ഉദാ :- നുറുക്ക് ഗോതമ്പ് പുഴവരിച്ച, സെന്റർ നം. 39 ലെ നിലക്കടല പൂപ്പൽ പിടിച്ചതും ഭക്ഷ്യയോഗ്യമല്ലാത്തതുമാണ്,ചെറുപയർ നിലവാരം കുറഞ്ഞത്)

ആതവനാട് സർവീസ് കോ - ഓപറേറ്റീവ് ബാങ്ക് നീതി സ്റ്റോറിൽ നിന്ന് ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെയും പണം നൽകിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തിയതി | തുക | ഡി.ഡി. നം./തിയതി |
|---|---|---|---|
| 1 | 107/ 30.06.15 | 178101 | 548408/ 29.12.15 |
| 2 | 115/ 22.09.15 | 156294 | 548982/ 17.02.16 |
| 3 | 116/ 22.09.15 | 196080 | |
| 4 | 129/ 07.12.15 | 93181 | |
| 5 | 130/ 07.12.15 | 224460 | |
| 6 | 142/ 03.02.16 | 186186 | 549954/ 31.03.16 |
| 7 | 143/ 03.02.16 | 222705 | |
| 8 | 155/ 19.03.16 | 167150 | 549881/ 30.03.16 |
| 9 | 156/ 19.03.16 | 213630 | |
| ആകെ | | 16,37,787 രൂപ | |

സപ്ലൈകോ വിലയുമായി താരതമ്യം ചെയ്യുമ്പോൾ, താഴെ പറയുന്ന ഇനങ്ങൾക്ക് ബാങ്ക് അധികവില ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ബിൽ നം./ തിയതി | ഇനം | വില | അളവ് | നൽകിയ തുക | സപ്ലൈകോ വില | തുക | അധികം ഈടാക്കിയത് |
|---|---|---|---|---|---|---|---|---|
| 1 | 107/ 30.06.15 | ചെറുപയർ | 115 | 375 | 43125 | 98 | 36750 | 6375 |
| | | വെളിച്ചെണ്ണ | 176 | 140 | 24640 | 153.86 | 21540 | 3100 |
| | | ശർക്കര | 55 | 600 | 33000 | 41.80 | 25080 | 7920 |
| 2 | 115/ 22.09.15 | ചെറുപയർ | 112 | 340 | 38080 | 80 | 27200 | 10880 |
| | | വെളിച്ചെണ്ണ | 154 | 116 | 17864 | 135.24 | 15688 | 2176 |
| | | ശർക്കര | 49 | 375 | 18375 | 39.50 | 14813 | 3562 |
| 3 | 116/ 22.09.15 | റാഗി | 32 | 3800 | 121600 | 22 | 83600 | 38000 |
| | | ശർക്കര | 49 | 1520 | 74480 | 39.50 | 60040 | 14440 |
| 4 | 129/ 07.12.15 | ചെറുപയർ | 120 | 180 | 21600 | 102 | 18360 | 3240 |
| | | വെളിച്ചെണ്ണ | 147 | 113 | 16611 | 115.64 | 13067 | 3544 |
| | | ശർക്കര | 64 | 220 | 14080 | 47.50 | 10450 | 3630 |
| 5 | 130/ | റാഗി | 34 | 3750 | 127500 | 22.50 | 84375 | 43125 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 07.12.15 | ശർക്കര | 64 | 1515 | 96960 | 47.50 | 71963 | 24997 |
| 6 | 142/ 03.02.16 | ചെറുപയർ | 118 | 395 | 46610 | 96 | 37920 | 8690 |
| | | വെളിച്ചെണ്ണ | 132 | 173 | 22836 | 104.86 | 18141 | 4695 |
| | | ശർക്കര | 64 | 340 | 21760 | 40.10 | 13634 | 8126 |
| 7 | 143/ 03.02.16 | റാഗി | 35 | 3675 | 128625 | 24 | 88200 | 40425 |
| | | ശർക്കര | 64 | 1470 | 94080 | 40.10 | 58947 | 35133 |
| 8 | 155/ 19.03.16 | ചെറുപയർ | 115 | 275 | 31625 | 90 | 24750 | 6875 |
| | | വെളിച്ചെണ്ണ | 125 | 170 | 21250 | 100.94 | 17160 | 4090 |
| | | അരി | 29 | 925 | 26825 | 25.50 | 23588 | 3237 |
| | | ശർക്കര | 58 | 605 | 35090 | 36.57 | 22125 | 12965 |
| 9 | 156/ 19.03.16 | റാഗി | 34 | 3750 | 127500 | 24 | 90000 | 37500 |
| | | ശർക്കര | 58 | 1485 | 86130 | 36.57 | 54306 | 31824 |
| ആകെ നഷ്ടം | | | | | | | | 358549 |

3,58,549രൂപയുടെ നഷ്ടമാണ് ഇതുമൂലം ഗ്രാമ പഞ്ചായത്തിനുണ്ടായത്. മതിയായ ഗുണനിലവാര പരിശോധന നടത്താതെയും വില നിലവാരം സപ്ലൈകോയുമായി താരതമ്യം ചെയ്യാതെയും ഈ സ്ഥാപനത്തിൽ നിന്ന് ഭക്ഷ്യസാധനങ്ങൾ വാങ്ങിയതുമൂലമാണ് പ്രസ്തുത നഷ്ടമുണ്ടായത്.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10/ 29.11.16) ക്ക് മറുപടി ലഭ്യമാക്കിയില്ല. 3,58,549 രൂപ ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ടി സ്ഥാപനത്തെ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യാൻ തെരഞ്ഞെടുത്ത പഞ്ചായത്ത് തീരുമാനത്തിന്റെയും സ്ഥാപനവുമായി കരാർ ചമച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

## 3-3 ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം. 233/16- അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. ആലംകോട് ഗ്രാമ പഞ്ചായത്തിലെ ജനകീയ കുടുംബശ്രീ യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം./തിയതി | തൂക്കം (കി.ഗ്രാം) | വില (ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) | ട്രഷറി ബിൽ / DD നം./ തിയതി |
|---|---|---|---|
| 212/ 16.04.15 | 1687.800 | 95314 | A2 SNP/ 28.12.15 |
| 246/ 28.05.15 | 865.500 | 48900 | |
| 226/ 06.07.15 | 1474.500 | 83309 | |
| 229/ 28.07.15 | 1107 | 62545 | |
| 237/ 24.08.15 | 1107 | 62545 | |
| 241/ 30.09.15 | 1213 | 68534 | |
| 52/ 15.12.15 | 1827.500 | 103253 | A5 SNP/16.02.16 |
| 58/ 22.01.16 | 1665 | 94044 | A9 SNP/ 26.03.16 |
| 63/ 26.02.16 | 1652 | 93338 | |
| 69/ 22.03.16 | 211 | 11921 | 549880/ 30.03.16 |
| 68/ 22.03.16 | 1260.500 | 71218 | A11 SNP/ 30.03.16 |
| ആകെ | | 7,94,921 രൂപ | |

കുടുംബശ്രീ യൂണിറ്റുകൾ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഗവൺമെന്റ് അംഗീകൃത ഫുഡ് ടെസ്റ്റ് ലാബുകളിൽ ഗുണമേൻമ പരിശോധനക്ക് വിധേയമാക്കാനും ഗുണമേൻമ തൃപ്തികരമല്ല എന്ന റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത ബാച്ച് ന്യൂട്രിമിക്സിന്റെ വില കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ലെന്നും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 12.07.2011ലെ ഐ.സി.ഡി.എസ് ബി 3-6136/11 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടില്ല. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. ഈ അപാകതക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 3-4 VEO പ്രോജക്ടിന് തുക മുൻകൂർ പിൻവലിച്ചു; നാളിതുവരെ പൂർണ്ണമായി വിതരണം ചെയ്തില്ല

VEO നിർവഹണം നടത്തിയ പ്രോജക്ട് നം. 226/ 16 മുഖേന കക്കൂസ് നിർമ്മാണത്തിന് 65 പേർക്ക് 14500 രൂപ വീതം ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നു. സംസ്ഥാനാവിഷ്കൃത പരിപാടി വിഹിതം 780000 രൂപയും തനത് ഫണ്ട് 162500 രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം 58500 രൂപയുമുൾപ്പെടെ ആകെ 10,01,000 രൂപയാണ് പ്രോജക്ടിന് വകയിരുത്തിയത്.

പ്രോജക്ട് പ്രകാരം 57 ഗുണഭോക്താക്കളാണ് പണി പൂർത്തീകരിച്ചത്. എന്നാൽ 65 പേർക്കുള്ള മുഴുവൻ തുകയും (942500 രൂപ) VEO റിക്വിസിഷൻ നൽകി കൈപ്പറ്റുകയും വളാഞ്ചേരി SBT യിൽ VEO മാറാക്കര എന്ന പേരിലുള്ള SB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു.

15.09.15, 15.01.16, 26.03.16 എന്നീ തിയതികളിലെ റിക്വിസിഷൻ പ്രകാരമാണ് യഥാക്രമം 616000 രൂപ, 164000 രൂപ, 162500 രൂപ എന്നിങ്ങനെ ആകെ 9,42,500 രൂപ VEO കൈപ്പറ്റിയത്. ഇതിൽ നിന്ന്, പണി പൂർത്തിയാക്കിയ 57 പേർക്ക് 826500 രൂപ വിതരണം ചെയ്തു. ബാക്കി തുക 1,16,000 രൂപ ചെലവഴിക്കാതെ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ കിടക്കുകയാണ്.

പ്രോജക്ടുകൾക്ക് പണം മുൻകൂറായി പിൻവലിക്കുന്നതിന് ജി.ഒ.(പി) 177/2006/ ഫിൻ തി: 12.04.2006 നം. ഉത്തരവിൽ സർക്കാർ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓരോ മാസവും അവസാനം വിതരണം

ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ ഡിഡി തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിക്കാതെ തുക മുൻകൂർ പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതും ഇത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതു വരെ 1,16,000,രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-5 വീട്ടു നിർമ്മാണ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല

VEO നിർവഹണം നടത്തിയ താഴെ പറയുന്ന വീട്ടു നിർമ്മാണ പ്രോജക്ടുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ - പ്രോജക്ട്, ഗുണഭോക്തൃ ലിസ്റ്റ്, റജിസ്റ്ററുകൾ, രജിസ്റ്റർ ചെയ്ത കരാറുകൾ, വൗച്ചർ,ബില്ലുകൾ മുതലായവ – പരിശോധിക്കാൻ പര്യാപ്തമായ വിധം ക്രമപ്പെടുത്തി ഹാജരാക്കിയില്ല. ധനസഹായം നൽകിയത് രേഖപ്പെടുത്തിയ രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകകളും ബില്ലിനോടൊപ്പമുള്ള സബ്‌വൗച്ചറുകളിലെ തുകകളും പൊരുത്തപ്പെടുന്നുമില്ല. ഓരോ തവണ ഗഡുക്കൾ നൽകുമ്പോഴും രജിസ്റ്ററിൽ തിയതി രേഖപ്പെടുത്താതെ തുക ട്രാൻസ്ഫർ ചെയ്തു എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവുതുക (രൂപ) |
|---|---|---|---|
| 1 | 220 | ഭവന നിർമ്മാണം(ജനറൽ) ദ്വിവർഷം | 3575000 |
| 2 | 221 | വീട്ടു നിർമ്മാണം(ജനറൽ) | 1928400 |
| 3 | 224 | വീട്ടു നിർമ്മാണം(ജനറൽ) | 105000 |
| ആകെ | | | 5608400 |

രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.17/ 01.12.16) നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവുതുക 56,08,400 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-6 പ്രതീക്ഷ കേന്ദ്രത്തിലെ തെറാപ്പി ഉപകരണങ്ങൾ പ്രവർത്തനരഹിതം

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പരിചരണത്തിനായി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഗ്രാമ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പ്രതീക്ഷ കേന്ദ്രത്തിൽ 10 കുട്ടികളാണുള്ളത്. ഗ്രാമ പഞ്ചായത്ത് ഹോണറേറിയം അടിസ്ഥാനത്തിൽ നിയമിച്ച ഒരു ഫിസിയോതെറാപ്പിസ്റ്റ്, ഹെൽപ്പർ, ഡ്രൈവർ എന്നീ ജീവനക്കാർ ഇവിടെയുണ്ട്. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി പ്രോജക്ട് മുഖേനയാണ് ജീവനക്കാർക്ക് ഹോണറേറിയം നൽകുന്നത്. ജില്ലാ പഞ്ചായത്താണ് വാഹനം ലഭ്യമാക്കിയത്.

ഓഡിറ്റ് ടീം പ്രതീക്ഷ കേന്ദ്രം സന്ദർശിച്ചപ്പോൾ തെറാപ്പി ഉപകരണങ്ങൾ പ്രവർത്തനരഹിതമാണെന്ന് കണ്ടു. ISO SOLID Treadmill, Orbi Trac, Cosco Fitness, Body Gym എന്നീ ഉപകരണങ്ങളാണ് കേടായി കിടക്കുന്നത്. ഇതിൽ ISO SOLID Treadmill ലഭിച്ചപ്പോൾ തന്നെ പ്രവർത്തിച്ചിരുന്നില്ലെന്ന് കേന്ദ്രത്തിലെ ജീവനക്കാർ പറഞ്ഞു. ഉപകരണങ്ങൾ വിതരണം ചെയ്ത ഏജൻസിയോട് ബന്ധപ്പെട്ട് ഇവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ യാതൊരു നടപടിയും അധികൃതർ നാളിതുവരെയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 3-7 വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം - അധികം തുക ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നം. S0223/16 മുഖേന 04 വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം കെൽട്രോൺ സിറാമിക്സ് ലിമിറ്റഡ് ആണ് സ്കൂട്ടർ വാങ്ങി നല്കിയിട്ടുള്ളത് ഇൻവോയ്സ് നം.MKTG72 സ്കൂട്ടറിന് 59,350 രൂപ നിരക്കിൽ 04എണ്ണത്തിന് 2,37,400 രൂപയും ഇൻവോയ്സ് നം. MKTG/072 BK തിയതി 1.3.16 പ്രകാരം സ്കൂട്ടറിന്റെ സൈഡ് വീൽ അറ്റാച്ച്മെന്റിന് 10,150/- രൂപ നിരക്കിൽ 40,600/- രൂപയും (ആകെ ഒരു യൂനിറ്റിന് 69,500/- രൂപ നിരക്കിൽ 2,78,000/-) വികസന ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. (DD No. 549734/28.3.16, DD No. 549774/29.3.16)
എന്നാൽ കെൽട്രോൺ സ്കൂട്ടർ വാങ്ങിയ ഡീലറിൽ നിന്നുള്ള ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആതുവരെ ചെലവു തുക 2,78,000/- ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-8 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-തുടർ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് – ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0191/15-16)
അടങ്കൽ -3 ലക്ഷം
ബിൽനം. - 5/15-16തീയതി:31.3.16;
നിർവഹണം : ഹെഡ് മാസ്റ്റർ

16.11.2013ലെ ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 8(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതായിട്ടുള്ളതാണ്. ഇതേ ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയുടെ അടിക്കുറിപ്പ് (1)പ്രകാരം പ്രോജക്ടിനുള്ള ഫണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 50:25:25 അനുപാതത്തിൽ വഹിക്കേണ്ടതുമാണ്.

എന്നാൽ പദ്ധതിയിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതമായി യഥാക്രമം 60000,40000 രൂപ വകയിരുത്തിക്കണ്ടെന്നെങ്കിലും ആയത് ലഭ്യമാക്കാതെ തന്നെ പഞ്ചായത്ത് വിഹിതമായ 2 ലക്ഷം മാത്രം 74 കുട്ടികൾക്ക് വീതിച്ച നല്കുകയാണ് ചെയ്തിട്ടുള്ളത്.സർക്കാർ നിർദേശപ്രകാരമുള്ള അനുപാതത്തിൽ തുക ലഭ്യമാക്കി നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ അന്വേഷണത്തിന (നം.2/24.11.16)ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ ബ്ളോക്ക് വിഹിതങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാത്തതിനെ തുടർന്ന് പഞ്ചായത് വിഹിതം മാത്രം വിതരണം ചെയ്യുകയാണുണ്ടായതെന്നറിയിച്ചു. ശേഷിക്കുന്ന വിഹിതം വിതരണം ചെയ്തതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദേശപ്രകാരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പദ്ധതി മാർഗ രേഖക്കു വിരുദ്ധമായി തുക ചെലവഴിച്ചു

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ (പ്രൊ.നം.എസ്.ഒ. 11/15-16)എന്ന പദ്ധതി പരിശോധിച്ചതിൽ പദ്ധതി മാർഗ രേഖക്കു വിരുദ്ധമായി തുക ചെലവഴിച്ചു.പദ്ധതിയുടെ ഭാഗമായി താഴെ കാണും പ്രകാരം മാർഗ രേഖയിൽ പരാമർച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.( ബിൽ നമ്പർ 3/15-16 തിയ്യതി. 12.02.2016 & 4/15-16 തിയ്യതി 25.02.2016)

| | |
|---|---|
| ചിത്ര കലാ പരിശീലനം | 20,000 |
| ഫുട്ബാൾ പരിശീലനം | 48500 |
| പ്രതിഭകൾക്ക് പരിശീലനം | 75000 |

| | |
|---|---|
| വോളിബാൾ പരിശീലനം | 48500 |
| ബാഡ്മിന്റൺ പരിശീലനം | 10000 |
| പാവപ്പെട്ട വിദ്യാർഥികൾക്ക് പഠന യാത്ര | 10000 |
| കായിക പരിശീലനം | 10000 |
| ഫുട്ബാൾ പരിശീലനം രണ്ടാം ഘട്ടം | 16500 |
| എന്റെ മലയാളം പദ്ധതി | 15000 |
| ഓണറേറിയം ടീച്ചേർസ് (ബാങ്ക്) | 41750 |
| ആകെ | 295250 |

പന്ത്രണ്ടാം പദ്ധതി മാർഗരേഖ (ജി.ഒ.എം.എസ്.362/2013 ത.സ്വ.ഭ.വ. തി.16.11.2013) പ്രകാരം മുഴുവൻ സർക്കാർ സ്കൂളുകളിലും അടിസ്ഥാന സൗകര്യം ഒരുക്കാനാണ് മുൻഗണന നൽകേണ്ടത്. കൂടാതെ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കോച്ചിംഗ് നല്കാൻ പുറമെയുള്ള അധ്യാപകരുടെ സേവനത്തിനു വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിനു 3000(വികസന ഫണ്ട് ) രൂപ നൽകാനേ അനുമതിയുള്ളൂ. പദ്ധതി മാർഗരേഖയിൽ പരാമർശിക്കാത്തതും, SSA യുമായി ചേർന്ന് നടപ്പിലാക്കേണ്ടിയിരുന്നതുമായിരുന്ന ഇനങ്ങൾക്ക് മുൻകൂർ അനുമതി പോലും വാങ്ങാതെ ചെലവഴിച്ചതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു നല്കിയ അന്വേഷണത്തിനു (നം.3/24-11-16) ആയതിനുള്ള അനുമതി രേഖകൾ ലഭ്യമാക്കാൻ ഭരണ സമിതി മുഖേന സർക്കാറിലേക്ക് അപേക്ഷിച്ചിട്ടുണ്ടെന്നു മറുപടി ലഭ്യമാക്കി. മേൽപ്പറഞ്ഞ ചെലവിനങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതിനാൽ ചെലവ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വർഷത്തിൽ ലഭിച്ച 5446 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-05 | 3(3) | 900 | ശ്രീ.ഹംസ മാസ്റ്റർ,മുൻ പ്രസിഡന്റ് | 11507103516/28.7.15 |
| 2009-10 | 2(2) | 2775 | ശ്രീ.സോമവാര്യർ,കഴകം,കാടാമ്പുഴ ദേവസ്വം | 11507101594/8.15.15 |
| 2009-10 | 2(2) | 1770 | ശങ്കരനാരായണൻ,മാനേജർ, മാവേലി സ്റ്റോർ | 11507101907/18.5.15 |
| ആകെ | | 5445 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44729659 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36961520 |
| വരവിനങ്ങളിലുള്ള നഷ്ടം | 400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക 3 | 653799 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6251900 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 400 | | ശ്രീ. കെ രവീന്ദ്രൻ സെക്രട്ടറി |
| 3-2 | | 358549 | ശ്രീമതി. കാർത്യായനി,ICDS സൂപ്പർവൈസർ – 341154<br>ശ്രീമതി. ഹൈമവതി,ICDS സൂപ്പർവൈസർ – 17395 |
| 3-9 | | 295250 | ശ്രീ അബ്ദുറഹ്മാൻ , ഹെഡ്മാസ്റ്റർ |
| | | 653799 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 249500 | ശ്രീ. കെ രവീന്ദ്രൻ സെക്രട്ടറി- ₹ 219500<br>ശ്രീമതി.അനിത.ജെ.സ്റ്റീഫൻ- ₹ 30000 |
| 3-4 | 116000 | ശ്രീ.സുജിത്ത്. എസ്;വി.ഇ.ഒ |
| 3-5 | 5608400 | ശ്രീ.സുജിത്ത്. എസ്, വി.ഇ.ഒ |
| 3-7 | 278000 | ഡോ.പി.അഹമ്മദ് ;മെഡിക്കൽ ഓഫീസർ (PHC) |
| ആകെ | 6251900 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കാർത്യായനി ICDS സൂപ്പർവൈസർ | - | ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. |
| ശ്രീമതി.ഹൈമവതി ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ മാറാക്കര | നരിങ്ങാപ്പറമ്പിൽ, പാങ്ങ് കൊളത്തൂർ , മലപ്പുറം |
| ശ്രീ അബ്ദു റഹ്മാൻ | ഹെഡ്മാസ്റ്റർ | തുറക്കൽ ഹൗസ് |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | GLPS മേൽമുറി | രണ്ടത്താണി പി.ഒ മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1969-70 | എൽ എഫ് എം7/1403/94 തിയ്യതി 21.07.94 | 3 | |
| 1970-71 | എൽ എഫ് എം7/1404/94 തിയ്യതി 21.07.94 | 2 | |
| 1971-72 | എൽ എഫ് എം7/1405/94 തിയ്യതി 22.07.94 | 4 | |
| 1972-73 | എൽ എഫ് എം7/1406/94 തിയ്യതി 22.07.94 | 3 | |
| 1976-77 | എൽ എഫ് എം7/1628/94 തിയ്യതി 22.07.94 | 1 | |
| 1977-78 | എൽ എഫ് എം7/1629/94 തിയ്യതി 22.07.94 | 1 | |
| 1978-79 | എൽ എഫ് എം7/1626/94 തിയ്യതി 22.07.94 | 4 | |
| 1980-81 | എൽ എഫ് എം7/1627/94 തിയ്യതി 22.07.94 | 2 | |

| | | | |
|---|---|---|---|
| 1981-82 | എൽ എഫ് എം7/1843/94 തിയ്യതി 22.07.94 | 2 | |
| 1982-83 | എൽ എഫ് എം7/1837/94 തിയ്യതി 22.07.94 | 5 | |
| 1983-84 | എൽ എഫ് എം7/1838/94 തിയ്യതി 22.07.94 | 6 | |
| 1984-85 | എൽ എഫ് എം7/1839/94 തിയ്യതി 22.07.94 | 8 | |
| 1985-86 | എൽ എഫ് എം7/1840/94 തിയ്യതി 22.07.94 | 7 | |
| 1986-87, 1987-88 | എൽ എഫ് എം7/1841/94 തിയ്യതി 22.07.94 | 5 | |
| 1988-89, 1989-90 | എൽ എഫ് എം7/571/94 തിയ്യതി 09.06.94 | 10 | |
| 1990-91 | എൽ എഫ് എം7/609/92 തിയ്യതി 10.02.94 | 10 | |
| 1991-92 | എൽ എഫ് എം7/195/94 തിയ്യതി 10.01.95 | 7 | |
| 1992-93 | എൽ എഫ് എം5/771/96 തിയ്യതി 26.09.96 | 7 | |
| 1994-95 | എൽ എഫ് എം13/1464/99 തിയ്യതി 10.02.00 | 10 | |
| 1995-96 | എൽ എഫ് എം12/1630/03 തിയ്യതി 16.06.04 | 6 | |

| | | | |
|---|---|---|---|
| 1996-97 | എൽ എഫ് എം12/1631/03 തിയ്യതി 16.06.04 | 11 | |
| 1997-98 | എൽ എഫ് എം12/1632/03 തിയ്യതി 16.06.04 | 7 | |
| 1998-99 | എൽ എഫ് എം12/1633/03 തിയ്യതി 18.06.04 | 12 | |
| 1999-00,2000-01 പ്ളാൻഫണ്ട്ചെലവ് | എൽ എഫ് എം12/1634/03 തിയ്യതി 19.06.04 | 34 | |
| 1999-00 | എൽ എഫ് എം12/493/08 തിയ്യതി 09.04.08 | 2 | |
| 2000-01 | എൽ എഫ് എം9/494/08 തിയ്യതി 09.04.08 | 2 | |
| 2001-02 | എൽ എഫ് എം9/495/08 തിയ്യതി 09.04.08 | 4 | |
| 2002-03 | എൽ എഫ് എം9/496/08 തിയ്യതി 07.04.08 | 10 | |
| 2003-04 | എൽ എഫ് എം9/497/08 തിയ്യതി 09.04.08 | 9 | |
| 2004-05 | എൽ എഫ് എം9/498/08 തിയ്യതി 03.05.08 | 14 | |
| 2005-06 | എൽ എഫ് എം9/515/10 തിയ്യതി 06.07.10 | 15 | |
| 2006-07 | എൽ എഫ് എം13/2498/11 തിയ്യതി 09.07.12 | 18 | |

| | | | |
|---|---|---|---|
| 2007-08 | എൽ എഫ് എം13/2499/11 തിയ്യതി 24.01.12 | 12 | |
| 2008-09 | എൽ എഫ് എം13/2500/11 തിയ്യതി 24.12.11 | 13 | |
| 2009-10,2010-11 | എൽ എഫ് എം13/1169/13 തിയ്യതി 10.12.13 | 17 | |
| 2011-12,12-13 | എൽ.എഫ്.എം.6/1359/14 തി:23.08.2014 | 16 | |
| 2013-14;14-15 | കെ.എസ്.എ.എം.പി.എം13/2141/16 തി.9.8.16 | 29 | |

ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.13/51/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ-676505, ഫോൺ:04832734951

തീയതി: 04-02-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാറാക്കര ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

AUDIT CERTIFICATE

No. KSA/MPM-13/51/2017

Kerala State Audit Department
District Office, Malappuram

Dated: 04-02-2017

Certified that I have Audited the Annual Financial Statement of Marakkara Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Marakkara Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT